(ബി) ഇല്ലെങ്കിൽ ഈ വിഷയത്തെപ്പറ്റി അന്വേഷിക്കുമോ;

(സി) കറ്റാർവാഴ ആയുർവേദ സസ്യത്തെന്ന നിലയിൽ അതിന്റെ പേറ്റന്റ് അമേരിക്ക സ്വന്തമാക്കിയതിനെതിരെ നടപടിയെടുക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) അമേരിക്ക കറ്റാർവാഴയിൽ രണ്ട് പേറ്റൻസി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കറ്റാർവാഴ അമേരിക്കൻ ഐക്യനാടുകളിലേക്ക് കടത്തുന്നതായോ നിരവധി ഹെക്ടർ തോട്ടമുണ്ടാക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷിക്കാവുന്നതാണ്.

(സി) പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

എൻഡോസൾഫാൻ പ്രയോഗംമൂലം മാരാരോഗങ്ങൾ പിടിപെട്ട് കഷ്ടതയനുഭവിക്കുന്നവർക്ക് അനുവദിച്ച തുക

154 [5299] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പ്രയോഗംമൂലം പലവിധ മാരാരോഗങ്ങൾ പിടിപെട്ട് കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് പ്രത്യേക ചികിത്സ ലഭ്യമാക്കുന്നതിന് എന്ത് തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ആരോഗ്യ വകുപ്പിൽ നിന്നും പ്രത്യേക ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

പുകയില, പാൻമസാല എന്നിവയുടെ ഉപയോഗം നിരുൽസാഹപ്പെടുത്താൻ നടപടി

155 [5300] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ പി. ജെ. ജോയി:
„ സി. പി. മുഹമ്മദ്:
„ ഡൊമിനിക് പ്രസന്റേഷൻ:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാൻസർ രോഗികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു;

(ബി) കാൻസർ രോഗത്തിന് പുകയില, പാൻമസാല എന്നിവയുടെ ഉപയോഗം കാരണമാകുന്നുണ്ടോ;

(സി) സംസ്ഥാനത്ത് പ്രതിവർഷം എത്ര പുകയിലയും പാൻമസാലയും വിറ്റഴിക്കപ്പെടുന്നു;

(ഡി) പൊതുജനങ്ങളിൽ ഇവയുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുവാൻ എന്തെല്ലാം സത്വര നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 90,000 ക്യാൻസർ രോഗികൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) ക്യാൻസർ രോഗത്തിന് പുകയില, പാൻമസാല എന്നിവയുടെ ഉപയോഗം കാരണമാകുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ മൊത്തം 3420 മഹിളാസമിതി സംഘങ്ങൾ വഴി പുകയില വിരുദ്ധ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ജില്ലാ മാസ് മീഡിയ യൂണിറ്റുകൾ വഴിയും സന്നദ്ധ സംഘടനകൾ വഴിയും പുകയില പാൻമസാല വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരത്തെ ആർ.സി.സി. സന്നദ്ധ സംഘടനകളുമായി ചേർന്ന് സ്കൂൾ കുട്ടികളിൽ അവബോധം സൃഷ്ടിച്ചിട്ടുണ്ട് (45 ലക്ഷം). സ്കൗട്ടുകളുമായി ചേർന്ന് ഒന്നേക്കാൽ ലക്ഷം വീടുകളിൽ പുകയിലയുടെ ഉപയോഗം അഡ്വോക്കസി വഴി നിർത്തിയിട്ടുണ്ട്. പുകയില വിരുദ്ധ പ്രവർത്തനങ്ങൾക്ക് 1,00,000 വോളണ്ടിയർമാരെ കേരളത്തിൽ ആർ.സി.സി. പരിശീലിപ്പിച്ചിട്ടുണ്ട്. ഈയിടെ നടന്ന ഒരു പഠനത്തിൽ പുകയിലയുടെ ഉപയോഗം ആണ്ടുതോറും ഒരു ശതമാനം വീതം കുറയുന്നതായി കണ്ടിട്ടുണ്ട്. ആർ.സി.സി.-യുടെ പെരിഫറൽ സെന്ററുകളെല്ലാം ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കാലാവധികഴിഞ്ഞിട്ടും വിതരണം ചെയ്യാതെ മിച്ചംവന്ന മരുന്നുകൾ

156 [5301] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസികളിൽ 2003 ജൂലായ് മാസം 31-ന് കാലാവധി കഴിയാൻ സാദ്ധ്യതയുള്ള എത്ര മരുന്നുകൾ, എത്ര രൂപ വിലവരുന്നത്; സംസ്ഥാനതല സ്റ്റോറിലും ജില്ലാ സ്റ്റോറിലും വിതരണം ചെയ്യാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മരുന്നുകൾ എത്ര അളവിൽ ഏതൊക്കെ കമ്പനികളാണ് സപ്ലൈ ചെയ്തതെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഉപയോഗിക്കാത്ത മരുന്നുകൾ മടക്കിക്കൊടുത്ത് പകരം മരുന്ന് സപ്ലൈ ചെയ്യുന്നതിന് കമ്പനിയോട് ആവശ്യപ്പെടാൻ വ്യവസ്ഥ ഉണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുകയുടെ മരുന്നാണ് കാലാവധി കഴിഞ്ഞിട്ടും വിതരണം ചെയ്യാതെ മിച്ചം വന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ സംസ്ഥാനതല സ്റ്റോർ നിലവിലില്ല. ജില്ല സ്റ്റോറുകളിൽ 2003 ജൂലായ് 31-ന് കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിവരം ജില്ല തിരിച്ച് താഴെകൊടുക്കുന്നു:

1. തിരുവനന്തപുരം ... ഇല്ല

LIBRARY ARCHIVES Kerala Legislative Assembly